(ബി) മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ ഇതുവരെ അതിഥി സൽക്കാരത്തിന് എത്ര തുക വീതം ചെലവാക്കിയിട്ടുണ്ട് ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ എന്നിവരുടെ ടെലിഫോൺ, മൊബൈൽ ഫോൺ എന്നീ ഇനങ്ങളിൽ നാളിതുവരെ ചെലവഴിച്ച തുകയുടെ വിവരം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മുഖ്യമന്ത്രി, മറ്റുമന്ത്രിമാർ എന്നിവർ അതിഥി സൽക്കാരത്തിന് ചെലവഴിച്ചതുകയുടെ വിവരം അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

മന്ത്രിമാരുടെ വിമാന യാത്രാചെലവ്

7 (7) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ മുഖ്യമന്ത്രിയും മറ്റുമന്ത്രിമാരും വിമാനയാത്രാ ഇനത്തിൽ എത്ര രൂപ വീതം ചെല വഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ഇനത്തിൽ ഇനിയും വിവിധ വിമാന കമ്പനികൾക്ക് നൽകുവാനുള്ള കുടിശ്ശിക തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ ഏതെല്ലാം മന്ത്രിമാർ ഏതെല്ലാം രാജ്യങ്ങളിൽ എന്തെല്ലാം ആവശ്യത്തിനാണ് പോയതെന്നും ഈ വകയിൽ ഓരോരുത്തരും എന്തുതുക വീതം ചെലവഴിച്ചു എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മന്ത്രികാര്യാലയങ്ങളിൽനിന്നും വിമാനയാത്രാക്കൂലി ക്ലെയിം ചെയ്തതിൽ പൊതുഭരണ (അക്കൗണ്ട്സ്-എ) വകുപ്പിൽനിന്നും വിമാനയാത്രക്കമ്പനികൾക്ക് കുടിശ്ശികയൊന്നും നൽകുവാനില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

സംസ്ഥാന മന്ത്രിമാർ നടത്തിയ വിമാനയാത്രയുടെ ചെലവ്

8 (8) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരമേറ്റശേഷം നാളിതുവരെ സംസ്ഥാന മന്ത്രിമാർ നടത്തിയ വിമാനയാത്രയുടെ ചെലവ് എത്രയാണ് ;

(ബി) മന്ത്രിമാർ ഓരോരുത്തർക്കും ചെലവായ തുകയുടെ വിശദാംശം ലഭ്യമാക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly